
നിലാവ്
2018-19
DIGITAL MAGAZINE
G V H S S PAYYOLI

# മുഖമൊഴി

ലിറ്റിൽ കൈറ്റ്സ്
സമർപ്പിക്കുന്ന അക്ഷരങ്ങളുടെ
ഉപഹാരമാണിത്.
അധ്യയനവും അധ്യാപനവും
ഹൈടെക് ആയോടെ സർഗാത്മതലം
ഊഷരമായിത്തീർന്നു
എന്ന ആക്ഷേപം നിരർത്ഥകമാണെന്ന്
ഇതിലെ ഓരോ രചനയും നമ്മോട്
പറയുന്നുണ്ട്.
മാറുന്ന കാലത്തോടൊപ്പം
നടക്കാൻ പുതു തലമുറയെ പ്രാപ്തമാക്കുക
എന്ന ഉദ്ദേശ്യം കൂടിയുണ്ട്
ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിന്
സർഗാത്മകതയും സാങ്കേതിക വിദ്യയും
ഒന്നിക്കുകയാണിവിടെ.
പ്രതിഭയുടെ മിന്നലാട്ടം രചനകളിലേറെയും
പ്രകടിപ്പിക്കുന്നത് പ്രതീക്ഷയ്ക്കു
വക നൽകുന്നു.
പരിമിതികളുണ്ടെങ്കിലും,
പരീക്ഷ മാത്രമല്ല പഠനം എന്ന്
കുട്ടികൾ തിരിച്ചറിയുന്നത്
ശുഭോദർക്കമാണല്ലോ?

എഡിറ്റോറിയൽ ബോർഡ്

# താളുകളിൽ

ആമുഖം.....................................................................................8

വിസ്മരിച്ച സത്യം..........................................................................10

വിഷ്ണുപ്രിയ എ.എസ്

വിലാപങ്ങൾ.................................................................................11

നന്ദന ജി.എസ്

ഓർമപ്പൂക്കൾ...............................................................................14

സ്മിത നീലാംബരി

പ്രണയിക്കുന്ന ഞാൻ പ്രളയത്തെ................................................15

ഫാത്തിമ ഷിഫ

എങ്ങുപോയി................................................................................16

മഞ്ജിമ എം

കൊടക്കാട് ശ്രീധരൻ മാസ്റ്റർ: അനുസ്മരണം..............................17

സി.രാജീവൻ

പ്രളയാനന്തര കേരളം - അതിജീവനത്തിന്റ പാതയിൽ..............19

പാർവണ വി എച്ച്

കരുതിയിരിക്കുക:നിങ്ങളുടെ ഭാഷ മരിക്കുകയാണ് ...................25

സൈനുദ്ദീൻ.പി

ദൂരം............................................................................ ............29

അനിത യു.കെ

കാർബൺ ന്യൂട്രൽ സ്കൂൾ പദ്ധതി..............................................30

പ്രേമചന്ദ്രൻ കെ വി

# സന്ദേശം



ജി.വി.എച്ച്.എസ്.എസ്.പയ്യോളി Little Kites ന്റെ നേതൃത്വത്തിൽ ഒരു മാഗസിൻ ഇറക്കുന്നത് വളരെ സന്തോഷപ്രദമാണ്. ഈ വിദ്യാലയത്തിലെ കുട്ടികളുടെയും അധ്യാപകരുടെയും മികവുറ്റ സൃഷ്ടികളാണ് ഇതിലെ ഉള്ളടക്കം. വിവര സാങ്കേതിക ശാസ്ത്ര സാങ്കേതിക രംഗത്ത് കുതിച്ചു പായുന്ന വർത്തമാന കാലത്ത് ഇത്തരം മാഗസിനുകൾക്ക് കലാലയാന്തരീക്ഷത്തിൽ വളരെയധികം പ്രസക്തിയുണ്ട്. എല്ലാ വിധ ആശംസകളും നേരുന്നു.



**കെ.എൻ. ബിനോയ് കുമാർ**
**ഹെഡ്മാസ്റ്റർ**



# സന്ദേശം

ഗവ: വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്ക്കൂൾ പയ്യോളിയിലെ Little Kites ന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നത് വളരെ സന്തോഷകരം തന്നെ. ഈ വിദ്യാലയത്തിലെ സൃഷ്ടികളാണ് ഇതിലെ ഉള്ളടക്കം. പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കന്ന മികവുറ്റ മാറ്റത്തിന്റെ അടയാളങ്ങളാണ് ഇത്തരം ഡിജിറ്റൽ മാഗസിനുകൾ. സർവ്വവിധ ആശംസ കളും നേരുന്നു.


**ഗിരീഷ് കുമാർ. കെ.പി**

**പി.ടി.എ.പ്രസിഡന്റ്**



# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) ന്റെ നേതൃത്വത്തിൽ കേരളത്തിലെ ഹൈസ്കൂളുകളിൽ രൂപീകരിച്ച "ലിറ്റിൽ കൈറ്റ്സ്" പദ്ധതി രാജ്യത്ത് കുട്ടികളുടെ ഏറ്റവുംവലിയ ഐടി കൂട്ടായ്മയാണ് . നമ്മുടെ വിദ്യാലയത്തിലും ഏറ്റവും മികച്ച രീതിയിൽ ലിറ്റിൽ കൈറ്റ് പദ്ധതി നടപ്പിലാക്കി വരികയാണ് .വിദ്യാർത്ഥികളെ വായനയിലൂടെ അറിവിന്റെ ലോകത്തിലേക്ക് നയിക്കാൻ നമ്മുടെ വിദ്യാലയത്തിലെ ഈ കൂട്ടായ്മ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ ഏറെ സന്തോഷം................ മാഗസിൻ നന്മയുടെയും അറിവിന്റെയും വായനയുടെയും സർഗ്ഗവസന്തം വിരിയിക്കട്ടെ ......



**ആശംസകളോടെ**
**സജീവൻ എൻ കെ**

**(സ്റ്റാഫ് സെക്രട്ടറി)**

# LITTLE KITES--GVHSS PAYYOLI



# 'ഹൈ-ടെക്കി'ന് കാവലായി ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ മേഖലയുടെ ആധുനികവൽക്കരണത്തിലേക്കുള്ള കുതിച്ചുചാട്ടത്തിന്റെ പ്രധാന ഘടകമാണല്ലോ 'ഹൈടെക് പദ്ധതി'. ക്ലാസ്മുറികളെല്ലാം ആധുനിക സാങ്കേതിക ഉപകരണങ്ങൾ സംവിധാനിച്ചുകൊണ്ടുള്ള ഹൈടെക് ക്ലാസ്റൂം പദ്ധതി പൂർണ്ണതയിലേക്ക് എത്തുകയാണ്. കേരളമാകെ വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിലെ അൻപത് ക്ലാസ്മുറികളും ഹൈടെക് ആയി മാറിയിരിക്കുകയാണ്.

ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി വിവര വിനിമയ സാങ്കേതിക വിദ്യയിൽ സമഗ്ര പരിശീലനം നൽകി ഹൈടെക് ഉപകരണങ്ങളുടെ ശരിയായ പരിചരണം ഉദ്ദേശിച്ചുകൊണ്ട് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുകേഷൻ (കൈറ്റ്) രൂപം നൽകിയ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ സംഘമാണ് ലിറ്റിൽ കൈറ്റ്സ്. നേരത്തെ' ഹായ്സ്കൂൾ കുട്ടിക്കൂട്ടം' എന്ന പേരിലറിയപ്പെട്ട ഈ സംഘം 2018 - 19 വർഷത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് എന്ന എന്നപേരിൽ പുനർ നാമകരണം ചെയ്യപ്പെട്ട് വൈവിധ്യമാർന്ന പരിശീലന പരിപാടികളിലൂടെ സർവ്വരുടേയും ശ്രദ്ധ പിടിച്ച് പറ്റാൻ തുടങ്ങിയത്.

സ്കൂൾതല ഐസിടി പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യവും കഴിവുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് മലയാളം കമ്പ്യൂട്ടിങ്ങ് ,ആനിമേഷൻ, ഓഡിയോ വീഡിയോ എഡിറ്റിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക് പദ്ധതി തുടങ്ങി വ്യത്യസ്ഥമായ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകി വിദ്യാലയത്തിലെ ഹൈടെക് ഉപകരണങ്ങളുടെ ശരിയായ പരിചരണം ഉറപ്പാക്കുകയാണ് ലിറ്റിൽ കൈറ്റ്സ് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്.

20 മുതൽ 40 അംഗങ്ങൾ വരെയുള്ള എസ്പിസി,എൻസിസി, മാതൃകയിലുള്ള കുട്ടികളുടെ സംഘമായാണ് ലിറ്റിൽ കൈറ്റ്സ് വിഭാവനം ചെയ്യപ്പെട്ടത്. നമ്മുടെ വിദ്യാലയത്തിൽ 40 അംഗങ്ങളുള്ള ശക്തമായ ലിറ്റിൽ കൈറ്റ്സ് ആണ് നിലവിലുള്ളത്. എട്ടാം ക്ലാസിലെ വിദ്യാർത്ഥികളിൽ നിന്ന് ഐ.സിടി മേഖലയിലെ താൽപര്യവും പ്രാവീണ്യവും പരിശോധിക്കുന്ന പ്രത്യേക

# നിലാവ്

പരീക്ഷ നടത്തി ജനുവരി മാസത്തിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ തിരഞ്ഞെടുത്തത്.ലിറ്റിൽകൈറ്റ്സിന് കൃത്യമായ നിർദ്ദേശങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകാൻ ഐടി മേഖലയിൽ താല്പര്യമുള്ള 2 അധ്യാപകരെ (കൈറ്റ് മാസ്റ്റർ /കൈറ്റ് മിസ്ട്രസ് ) പ്രത്യേക ചുമതല ഏൽപ്പിക്കുന്നു.. പ്രത്യേക പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കി ചിട്ടയായ പരിശീലനം നൽകിയാണ് കൈറ്റ് മാസ്റ്റർ മിസ്ട്രസ് മാരെ ലിറ്റിൽ കൈറ്റ്സ് ചുമതല ഏൽപ്പിക്കുന്നത്.

3 തരം പരിശീലനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിക്കുന്നത്. ബുധനാഴ്ച തോറുമുള്ള നിരന്തരമായ ക്ലാസുകൾ, ഐടി മാസ്റ്റർ ട്രെയിനർമാരുടെ പ്രത്യേക ക്ലാസുകൾ, സ്കൂൾ അവധിക്കാലങ്ങളിൽ പുറമേനിന്നുള്ള വിദഗ്ധർ നയിക്കുന്ന ഉന്നത പരിശീലന ക്ലാസുകൾ എന്നിവ.

ഇത്തരം ക്ലാസ്സുകളിലൂടെയും പരിശീലന പരിപാടികളിലൂടെയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിക്കുന്നത് സ്കൂളിലെ ഐസിടി ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിശീലനം മാത്രമല്ല, വിവര സാങ്കേതിക മേഖലയുടെ വിശദമായ ലോകത്തേക്ക് ധൈര്യപൂർവ്വം കടന്നുചെല്ലാനും സ്വന്തം സ്ഥാനം കണ്ടെത്താനുമുള്ള അവസരം കൂടിയാണ്. ഓരോരുത്തരുടെയും താൽപര്യവും കഴിവുമനുസരിച്ച് സ്വന്തം ഭാവി നിർണയിക്കാനുള്ള പ്രാപ്തി കൂടി മിടുക്കന്മാർക്ക് ലിറ്റിൽ കൈറ്റ്സിലൂടെ ലഭിക്കുന്നു.

എട്ടാം ക്ലാസ്സിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗത്വം നേടുന്ന കുട്ടികൾക്ക് ഒൻപതാം ക്ലാസിലെ ഒരു വർഷമാണ് ഇപ്പോൾ പരിശീലനം നൽകുന്നത്. പത്താംതരത്തിൽ വെച്ച് ഓരോരുത്തരും പ്രത്യേകം പ്രോജക്റ്റുകൾ സമർപ്പിക്കേണ്ടതുണ്ട്. ഇവയുടെ മൂല്യനിർണയത്തിന് അനുസരിച്ച് A,B,C, എന്നിങ്ങനെ ഗ്രേഡുകൾ തിരിച്ച് അവർക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്. എൻസിസി, എസ്പിസി, മാതൃകയിൽ ഗ്രേസ്മാർക്ക് ലഭ്യമാക്കുന്നതിനെപറ്റിയും വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ വിശാലമായ ലോകത്തേക്ക് അനായാസം കടന്നുചെല്ലാനുള്ള ഈ സുവർണാവസരം പ്രയോജനപ്പെടുത്താൻ നമ്മുടെ കുട്ടികൾക്ക് കഴിയുമെന്നും നാളെയുടെ ഐടി വിദഗ്ധൻമാരായി അവർ സ്വയം ഉയർന്നു വരുമെന്നും നമുക്ക് ആശിക്കാം.......

**കൈറ്റ് മാസ്റ്റർ & മിസ്ട്രസ്സ്**

# വിസ്മരിച്ച സത്യം

വിഷ്ണുപ്രിയ എ.എസ്

കവിത



VISHNU PRIYA A S. 9 M

ഞാൻ നീറുന്ന മക്കളേ...
എൻ കദനം നീ കേൾക്കൂ........
എൻ വടുക്കളെ നീ ഖഡ്ഗത്താൽ അരിഞ്ഞില്ലേ....
എൻ ഹൃത്ത് അടർത്തി എടുത്തില്ലേ.........
പുഴകളുടെ അസ്തിത്വം പിഴുതില്ലേ..

നിങ്ങളെൻ രുധിരം കവർന്നില്ലേ
നീ എൻ മക്കളേ ഒന്നൊന്നായി കൊന്നില്ലേ.
സർവ്വവും സഹിക്കാം ഞാൻ നിനക്കുവേണ്ടി
ഹേ മനുഷ്യാ എന്തിനീ ഹീനം
ഞാൻ നിന്റെ ജനനിയാണ്
നീ വിസ്മരിച്ച സത്യം

# വിലാപങ്ങൾ

കഥ



NANDANA G S +2 SCIENCE

"നാദിയാ......"ബൂട്ടുകളുടെ അകമ്പടിയോടെ വന്ന ആ ശബ്ദം അവളുടെ കാതുകളെ തുളച്ചു കയറി. "പാത്രങ്ങൾ കഴുകിവയ്ക്കാൻ ചത്തു പോയ നിന്റെ തള്ള വരുമോ ശവം! കിടക്കുന്നത് കണ്ടില്ലേ. വേഗമെണീറ്റ് വാ". അടക്കിയ തേങ്ങലിന്റെ മൂളൽ മാത്രം ബാക്കി നിൽക്കെ ബൂട്ടുകൾ അവിടെ നിന്നും അകലാൻ തുടങ്ങി. വാതിൽ മെല്ലെ അടഞ്ഞതും വേലക്കാരികളുടെ അടക്കം പറച്ചിൽ ഉച്ചത്തിലായി. അവൾ മെല്ലെ എഴുന്നേൽക്കാൻ ശ്രമിച്ചു.

ഓറഞ്ച്പൂക്കളെ തഴുകിയെത്തിയ ഒരിളം കാറ്റ് ആ മുറിയിലാകെ ഒഴുകി നടന്നു. .പൂക്കളുടെ വശ്യമായ സുഗന്ധത്താൽ ജനാലകൾ നാണിക്കുന്നതു പോലെ തോന്നി. കരഞ്ഞുതളർന്ന അവളുടെ കണ്ണുകൾ അഴികൾക്കിടയിലൂടെ വിദൂരതയി ലേക്ക് പാഞ്ഞു കൊണ്ടിരുന്നു. ഓറഞ്ച്തോട്ടങ്ങളെ ആദ്യമായി കാണുന്ന പോലെ അവൾ വിദൂരതയെ ആസ്വദിക്കുകയായിരുന്നു. കൈയിലെ കറുത്ത പാട് ബൂട്ടിന്റെ അക്രമം വർദ്ധിച്ചിരിക്കുന്നു എന്ന് സൂചിപ്പിച്ചു കൊണ്ടേയിരുന്നു. തലേന്നത്തെ ബലാൽക്കാരത്തിന്റെ ക്ഷീണം കൊണ്ടാവണം അവളുടെ കണ്ണുകൾ ഇട യ്ക്കിടെ അടയാനായി വെമ്പുന്നുണ്ടായിരുന്നു. ഓറഞ്ച്തോട്ടങ്ങളിലൂടെ അവളെങ്ങോട്ടേക്കോ അകലുകയായിരുന്നു.

"നാദിയാ നീ നാളെ വരില്ലേ. നീ ഇല്ലാഞ്ഞിട്ട് ഞങ്ങൾക്ക് ഒരു രസവുമില്ല. നീയറിഞ്ഞോ സ്കൂളിനു പിന്നിലെ ഓറഞ്ചു തോട്ടം പൂത്തിരിക്കുന്നു.ഓറഞ്ചു പൂക്കളുടെ സുഗന്ധത്താൽ ഇവിടെ

ഇരിക്കാൻ പറ്റുന്നില്ല. കഴിഞ്ഞ തവണത്തെ പോലെ നമുക്ക് മതില് ചാടിക്കടന്ന് പഴുത്ത ഒറഞ്ചുകൾ പറിക്കാൻ പോവണ്ടെ? ഒന്നു വേഗം വരു നാദൃ... നാദിയ കണ്ണുതുടച്ചു. കൂട്ടുകാരിയുടെ കത്ത് ഹൃദയം തകർന്ന് ചവറ്റു കുട്ടയിൽ കിടക്കുന്നതു കണ്ടപ്പോൾ അവൾക്ക് സ്വയം പുച്ഛം തോന്നി. "അവളെയും എനിക്ക് രക്ഷിക്കാൻ പറ്റിയില്ലല്ലോ" പിറുപിറുത്തുകൊണ്ടവൾ അടുക്കളയെ ലക്ഷ്യമാക്കി നടന്നു.



എച്ചിൽപാത്രങ്ങളുടെ കൂമ്പാരം അവളെ സ്വഗതം ചെയ്യാനായി ഒരുങ്ങിയിരുന്നു.വികാരമൊഴിഞ്ഞ ഒരു ശരീരമായി മാറിയതിനാൽ അവൾക്കത് അത്ഭുതമായി തോന്നിയതേ ഇല്ല." നാദൃ... ഈ പാത്രങ്ങളൊക്കെ കഴുകണം. എന്നിട്ട് വേണം ബാഥറൂറിലേക്ക് പോവാൻ." "എനിക്ക് വയ്യ... ബാപ്പൂ എന്നെക്കൊണ്ട് പറ്റില്ല." "അവൾ ചെയ്യണ്ട ഞാൻ കഴുകിത്തരാം". "ഓ ഈ ബാപ്പുവാ എല്ലാ കിന്നാരോം ഓളെ പഠിപ്പിക്ക്ന്നേ." ഒരു നിമിഷം നാദിയ വീട്ടിലേക്ക് മടങ്ങുകയായിരുന്നു. വീട്ടുജോലി തന്നെക്കൊണ്ട് ഒട്ടും ചെയ്യിപ്പിക്കാത്ത തന്റെ ബാപ്പു ഇന്നെവിടയാണ്.അവൾ പാത്രങ്ങളോരോന്നായി നനയ്ക്കാൻ തുടങ്ങി. പെട്ടെന്നാണ് സിഗരറ്റിന്റെ ചുവന്ന പാട് ശ്രദ്ധയിൽ പെട്ടത്. യജമാനന്റെ ആസക്തിക്ക് അടിയറവ് വെക്കാൻ തന്റെ നഗ്നശരീരം കൊടുക്കാത്തതിന് കിട്ടിയ സമ്മാനം. തന്നെ ഒന്ന് നോക്കിയതിന് ജാഫറെ ഓടിച്ചിട്ട് തല്ലിയ തന്റെ സഹോദരന്മാർ ഇന്നെവിടെയാണ്. അവൾ കണ്ണുതുടച്ചു. പാത്രക്കൂമ്പാരത്തിന്റെ ഉയരം കുറഞ്ഞു കൊണ്ടേയിരുന്നു. അനേകം മാളികകളുടെ നാലു ചുവരുകൾക്കിടയിൽ മുതൽ തെരുവോരത്തെ ചായ്പ്പുകളിൽ കിടന്ന് വരെ തന്റെമാനം അപഹരിക്കപ്പെട്ടിട്ടുണ്ട് എന്നവൾ ദുഃഖത്തോടെ ഓർത്തു. വാണിഭചന്തയിൽ അവസാനമായി കണ്ടപ്പൾ ഉമ്മയുടെ കണ്ണുകൾക്ക് തിളക്കമറ്റിരുന്നു. പൂ പോലത്തെ തന്റെ ശരീരം സിഗരറ്റിന്റെ കരിഞ്ഞ ചിത്രങ്ങളാൽ വികൃതമാക്കിയ ഇരുട്ടിനെ അവൾ ശപിച്ചു. അപ്പോഴക്കും അവസാനത്തെ പാത്രവും കഴുകിക്കഴിഞ്ഞിരുന്നു. അവൾ കൂട്ടിയിട്ട തുണികൾക്കു

നേരെ നടന്നു.

മാളികയുടെ അകത്തളങ്ങളിൽ നിശബ്ദത നിഴലിച്ചു നിന്നിരുന്നു. പൊട്ടാനുള്ള ഉറവ പോലെ ഒരു തേങ്ങൽ ആ തൊണ്ടയിൽ തുളുമ്പി നിന്നു. സകല നാഡീഞരമ്പുകളും വലിഞ്ഞു മുറുകുന്ന വേദനയിൽ അവൾ തുണികൾ മടക്കുവാൻ തുടങ്ങി. കുഴിയിലാണ്ടു പോയ കണ്ണുകളിൽ പ്രതീക്ഷയുടെ അവസാന കണികയും വറ്റിയിരുന്നു. അകത്തേക്ക് തിരിയവെയാണവൾ വാതിലിലേക്ക് ശ്രദ്ധിച്ചത്. അത് പൂട്ടാൻ മറന്നിരിക്കുന്നു. വാതിലിനിടയിലൂടെ അവൾവാനത്തിന്റെ ഒരു പൊട്ട്കണ്ടു. അതുവരെയും തളർന്ന ശരീരം ഒരു നിമിഷം ഇരുമ്പുലക്കയാക്ക എന്നു തോന്നി അവൾക്ക്. താനനുഭവിച്ച നരക രാത്രികളുടേയും സകല യാതനകളുടേയും അന്ത്യം ഇവിടെയാണോ എന്നവൾ ഒരു നിമിഷം പരിഭ്രമിച്ചു. മടക്കി വച്ച തുണികളെ പിന്നിലാഴ്ത്തിക്കൊണ്ടവൾ പുറത്തേക്ക്നീങ്ങി. ഇരുമ്പഴികൾ തീർത്ത ജനലുകളും ദേവദാരുവിന്റെ തൂണുകളും മൂകരായി നോക്കി നിൽക്കെ അവൾ മുന്നോട്ട് പാഞ്ഞു. നഗ്നപാദങ്ങൾ മണലിലാഴ്ത്തവെ ഉൾഞരമ്പുകൾ വലിഞ്ഞു മുറുകിയതും,ശരിരം പൊട്ടിയകന്ന വേദന വന്നതും അവളറിയുന്നുണ്ടായിരുന്നില്ല. കഞ്ചാവിന്റെ കറമണം കടിച്ചമർത്തിയ ചുണ്ടുകൾ വിയർത്തു കൊണ്ടേയിരുന്നു. മരണം മണക്കുന്ന തെരുവോരങ്ങളെ പിന്നിലാക്കിക്കൊണ്ടവൾ മുന്നോട്ടോട്ട് പാഞ്ഞു..

"അവരെന്റെ സഹോദരങ്ങളെ കഴുത്തറുത്ത് കൊന്നു. പിതാവിനെ കഴുമരത്തിലേറ്റി എന്നെ മറ്റുള്ളവർക്ക് വിറ്റു. ഞാനനുഭവിച്ച വേദനകൾ ഈ ലോകത്ത് ഇനിയൊരു യസീദി സ്ത്രീയ്ക്കും ഉണ്ടാവരുത്. പുരുഷന്റെ ബലാൽക്കാരത്തിനു മുന്നിൽ പകച്ചു പോയ അവസാനത്തെ പെൺകുട്ടി ഞാനാവണം ഇനിയൊരിക്കലും സ്ത്രീ ശരീരങ്ങൾ പൊള്ളരുത്. ആ കണ്ണുകൾ നനയരുത്. ഭീകരരുടെ ബല പ്രയോഗത്തിനുള്ളിൽ പെട്ട് മനസ്സും ശരീരവും നഷ്ടപ്പെട്ട ലോകത്തെ അവസാനത്തെ പെൺകുട്ടി ഞാനാവണം "ദിലാസറ്റ്ഗോൾ" സമാധാനത്തിനുള്ള നോബേൽ ഏറ്റുവാങ്ങി ആ പടിയിറങ്ങുമ്പോൾ നാദിയ മുറാദിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.കടുത്ത പ്രതികാരത്തിന്റെയും ആത്മധൈര്യത്തിന്റെയും തീജ്വാല ആ ശരീത്തിൽ പടരുന്നുണ്ടായിരുന്നു. അനാഥമാക്കപ്പെട്ട യൗവനത്തിന്റെ ദുരന്തസ്മര ണകളെ പേറിക്കൊണ്ടവൾ നടന്നകലുമ്പോൾ പുറത്ത്മഴ എന്തെന്നില്ലാതെ പെയ്തു കൊണ്ടിരുന്നു. ആത്മാക്കൾ ക ണ്ണീർ പൊഴിക്കുന്ന പോലെ....... .....

# ഓർമപ്പൂക്കൾ

കവിത

ചിങ്ങപ്പൂക്കൾ ചിരിക്കുന്ന സന്ധ്യയിൽ
ചന്തമോലുന്ന കൊങ്ങിണിപ്പൂക്കളിൽ
ചാന്തു തേയ്ക്കുന്ന സൂര്യൻ മറയവേ
ചന്ദ്രബിംബമായി ചാരെയണഞ്ഞു നീ.....!

കൂടുതേടി പറക്കുന്ന പക്ഷികൾ
വാനിലെമ്പാടുമിമ്പം നിറയ്ക്കവേ
കാൽച്ചിലമ്പു കിലുങ്ങുന്ന വേളയിൽ
താളമൊപ്പിച്ച് മേളം കൊഴുക്കവേ
ഓളമിളക്കുന്നോരാറ്റിൻ കയങ്ങളിൽ
ഊളിയിട്ടു കിടാങ്ങൾ കളിക്കവേ
തേൻ കിനിയുന്ന ചക്കരമാവിലായ്
ആയമിട്ടവരാടി തിമിർക്കവേ
ഓടിയെത്തുമെന്നോർമയിൽ നിൻ മുഖം
ചന്തമാർന്നൊരു തേജസ്വരൂപമായ്...!

ഘോഷമോടെ നാമോടിക്കളിച്ചതും
തമ്മിലയ്യോ ! പിണങ്ങിപ്പിരിഞ്ഞതും
കൈക്കുടന്നയിൽ കൊങ്ങിണിപ്പൂക്കളും
ചുണ്ടിലോടുന്ന തുമ്പച്ചിരിയുമായ്
മന്ദമെൻ മുന്നിൽ വന്നണഞ്ഞു നീ
തന്നുപോയൊരാ പൂക്കൾ ചിരിക്കുന്നു......



സ്മിത നീലാംബരി
എച്ച്.എസ്.എ.മലയാളം

# പ്രണയിക്കുന്നു ഞാൻ പ്രളയത്തെ

കവിത

പ്രണയിക്കുന്നു ഞാൻ പ്രളയത്തെ
മനുഷ്യനൊന്നായ ആ നിമിഷത്തെ
ജാതിമതഭേതമല്ലാതൊരോണകാലത്തെ
ഒന്നിച്ചിരുന്നു കൈ കോർത്ത നാളുകളെ

അറിഞ്ഞില്ല ഈവരവെങ്കിലും
തടുക്കുവാൻ ശ്രമിച്ചു കഴിവുവോളം
മാഞ്ഞുമറഞ്ഞില്ലേ പ്രളയമേ നീ
കണ്ണീർപകർന്നു പോയില്ലേ?

ഇനിവരുമോ പ്രളയമേ നീ
കണ്ണീർപാടം കൊയ്തെടുക്കാൻ?
തിരിച്ചടിതന്നു മനുഷ്യാ
ഭൂമി നിന്നരുതാ പ്രവൃത്തി തിരിച്ചറിഞ്ഞ്
ഇനിയുള്ള നാളിലും കൈകോർക്കാം
ആയിരം ഹസ്തങ്ങളാൽ നിൻ നാടിൻ നന്മയക്കായ്

പരസ്പര സ്നേഹം മറന്ന മനുഷ്യരെ
സ്നേഹിക്കു നിൻകൂട്ടരെന്നറിവ്
പകർന്നെത്തിയ പ്രളയത്തെ
ഞാൻ പ്രണയിക്കിന്നു



ഫാത്തിമ ഷിഫ
9 P

# എങ്ങുപോയി



കവിത

മഞ്ജിമ എം
9.M

കാവ്യസൂര്യാ നീ
എങ്ങുപോയി............
കണ്ണിമ ചിമ്മും മുൻപ്
എങ്ങുപോയി
കാറ്റിലലിഞ്ഞോ........
മണ്ണിൽ കുതിർന്നോ...
വിണ്ണിലലിഞ്ഞോ നീ.....
നീ പോയപ്പോൾ
എരിയുന്ന സൂര്യൻ
നീ മറഞ്ഞപ്പോൾ
നിൻ ശ്വാസമെങ്ങോ
മൂളുന്ന ഗാനം
നിൻ പേരലിയും
മധുരഗാനം.......

# കൊടക്കാട് ശ്രീധരൻ മാസ്റ്റർ : അനുസ്മരണം



സ്മരണ


ഒട്ടനവധി പ്രതിഭാധനരായ അധ്യാപകർ പയ്യോളി ഹൈസ്കൂളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലബാറിലെ പ്രശസ്ത കവി വി.ടി കുമാരൻമാസ്റ്റർ, പുരോഗമന കലാസാ ഹിത്യ സംഘത്തിന്റെ അമരക്കാനും എഴുത്തുകാരനും വാഗ്മിയുമായ എ.കുട്ടി കൃഷ്ണൻമസ്റ്റർ ,നിരൂപകനും വോളിബോൾ റഫറിയുമൊക്കെ ആയിരുന്ന പ്രൊഫസർ കെ.പി.വാസു തുടങ്ങി ധാരാളം മഹാരഥന്മാർ ഈ വിദ്യാലയാന്തരീക്ഷത്തെ പ്രകാശപൂർണ്ണമാക്കിയിട്ടുണ്ട്.

ശാസ്ത്ര പ്രചാരകനായിരുന്ന കൊടക്കാട് ശ്രീധരൻ മാസ്റ്ററുടെ സ്ഥാനം ഇവർക്കൊപ്പം തന്നെയാണ്. .അന്ധവിശ്വസങ്ങൾ വേണ്ടുവോളമുണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രചാരകൻ ആയിരുന്നു കൊടക്കാട് ശ്രീധരൻ മാഷ്. കടു കട്ടിയായ ശാസ്ത്ര സത്യങ്ങൾ പോലും നർമ്മത്തിൽ പൊതിഞ്ഞ് സ്വതസിദ്ധമായ ചിരിയോടെ അദ്ദേഹം അവതരിപ്പിച്ചു.ഒരു സ്ലൈഡ് പ്രൊജക്റ്ററുമായി അക്കാലത്ത് കേരളം മുഴുവൻ പ്രഭാഷണം നടത്തിയിരുന്നു അദ്ദേഹം. മണിക്കൂറുകളോളം ഒരു മടുപ്പും ഇല്ലാതെ ജനങ്ങൾ അദ്ദേഹത്തെ ശ്രവിച്ചു. കേവല ശാസ്ത്രസത്യങ്ങൾ അവതരിപ്പിക്കുക മാത്രമായിരുന്നില്ല അദ്ദേഹം ചെയ്തിരുന്നത് . അതുമായി ബന്ധപ്പെട്ട രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളെ സവിസ്തരം പ്രതിപാദിക്കാനും ജനകീയ വിദ്യാഭ്യാസം നടത്താനും

അദ്ദേഹത്തിന്റെ വാഗ്‌വിലാസത്തിന് കഴിഞ്ഞിട്ടുണ്ട്.

സാംസ്കാരിക സാമൂഹിക സാക്ഷരത കൈവരിക്കാൻ ഒരു ജനതയെ കൈപിടിച്ചുയർത്തുക എന്ന മഹത്തായ ലക്ഷ്യമായിരുന്നു അദ്ദേഹത്തിനും ശാസ്ത്ര സാഹിത്യ പരിഷത്തിനും ഉണ്ടായിരുന്നത്. കേരള ജനതയെ ലോകാരോഗ്യസംഘടന വരെ പുകഴ്ത്തിയ തരത്തിൽ ആരോഗ്യ ബോധവാന്മാരാക്കുന്നതിൽ പരിഷത്തും ശ്രീധരൻ മാഷുമൊക്കെ വഹിച്ച പങ്ക് വളരെ വലുതാണ്. വിദ്യാഭ്യാസരംഗത്ത് ഇന്ന് കാണുന്ന പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും അമരക്കാരനായി അദ്ദേഹം ഉണ്ടായിരുന്നു.

പാഠപുസ്തകത്തിൽ മാത്രം കണ്ട "**പന**" ആദ്യമായി നേരിട്ട് കണ്ട കുട്ടിയോട് ഇതാണ് മോനെ നീ ഒന്നാം ക്ലാസ്സിൽ പഠിച്ച പന എന്ന് പറയുന്ന രക്ഷിതാവിനെ അവതരിപ്പിച്ചു കൊണ്ടാണ് യാന്ത്രിക വിദ്യാഭ്യാസത്തിനെതിരെ അദ്ദേഹം പ്രഭാണം തുടങ്ങുക.പയ്യോളിയിലും പരിസര പ്രദേശങ്ങളിലും പരിഷത്ത് പ്രവർത്തകരെ സംഘടിപ്പിക്കുന്നതിൽ മാഷ് വലിയ പങ്കുവഹിച്ചു. ഈപ്രദേശത്ത് ഇന്ന് കാണുന്ന പലസാമൂഹിക ജാഗ്രത അതിന്റെയൊക്കെ ഫലം തന്നെയാണ്. പരിഷത്തിന്റെ വികസന ജാഥയുടെ ക്യാപ്റ്റൻ ആയിരുന്ന കൊടക്കാട്. ജാഥ കടന്നുപോയ സ്ഥലങ്ങളിലൊക്കെ വൻ ജനാവലി ഉണ്ടായിരുന്ന .ഇങ്ങനെ ഒട്ടനവധി ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട്നാം ഇന്ന്കാണുന്ന സാക്ഷര സമൂഹത്തെ വാർത്തെടുക്കുന്നതിൽ കഠിനാധ്വാനം ചെയ്ത മനീഷിയായിരുന്ന അദ്ദേഹം. ശാസ്ത്രമാസികകളായ ശാസ്ത്രഗതി, **യുറീക്ക,ശാസ്ത്ര, കേരളം,** എന്നിവയുടെ എഡിറ്റർ ആയിരുന്ന അദ്ദേഹം. ധാരാളം ശാസ്ത്ര ലേഖനങ്ങളും കവിതകളും രചിക്കുകയും ചെയ്തു. ***അദ്ദേഹത്തിന്റെ കർമ്മരംഗം പയ്യോളി ഹൈസ്‌കൂൾ കൂടിയായിരുന്ന എന്നതിൽ നമുക്ക് അഭിമാനിക്കാം.***



RAJEEVAN C
HSA PHYSICAL SCIENCE

# പ്രളയാനന്തര കേരളം: അതിജീവനത്തിന്റെ പാതയിൽ

ലേഖനം




സമാനതകളില്ലാത്ത ഒരു മഹാ പ്രളയത്തിനാണ് കേരളം സാക്ഷ്യം വഹി ച്ചത്. എല്ലാ നദികളും കരകവിഞ്ഞൊഴുകി. എല്ലാ അണക്കെട്ടുകളും തുറന്നു വിടേണ്ടി വന്നു. ഇത്തരമൊരു അസാധാരണമായ സാഹചര്യം സമീപ കാലത്തൊന്നും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. 439 പേരുടെ ജീവനും 12,477 വീടുകളും അപഹരിച്ചാണ്ഈ മഹാപ്രളയം സംഹാരതാണ്ഡവമാടിയത്. സമീപകാലത്തുണ്ടായ പ്രളയത്തിന് സമാനമായ ഒന്നാണ് 1924 ൽ കേരളത്തിൽ സംഭവിച്ചത്.

പ്രളയമേൽപ്പിച്ച ആഘാതത്തൽ നിന്ന് കരകയറാനുള്ള കഠിനപ്രയത്നം തുടരുകയാണ് നമ്മുടെ നാട്. പ്രളയാനന്തര പുനർനിർമാണ, പുനരധിവാസപ്രവർത്തനങ്ങളെ നവകേരള സൃഷ്ടിയാക്കി മാറ്റുകയെന്ന ശ്രമകരമായ ദൗത്യമാണ് നമുക്കിനി ഏറ്റെടുക്കാനുള്ളത്. പ്രകൃതിയിൽ മനുഷ്യൻനടത്തിയ അനിയന്ത്രിതമായ കടന്നാക്രമണങ്ങൾ പ്രളയത്തിന്റ ആഘാതം രൂക്ഷമാക്കുന്നതിൽ വഹിച്ച പങ്ക് നമുക്കൊക്കെ അറിയാം. പുതിയൊരു കേരളത്തിന്റ നിർമിതിയെക്കുറിച്ച് ലോകത്തെമ്പാടുമുള്ള മലയാളികൾ ചർച്ച ചെയ്യുമ്പോൾ നമ്മുടെ കാഴ്ച്പ്പാടുകളിൽ ,ചിന്തകളിൽ,ജീവിത ക്രമങ്ങളിൽ, ആസൂത്രണത്തിൽ നാം പുലർത്തി വരുന്ന

നിലപാടുകളുടെ ഒരു പൊളിച്ചെഴുത്ത് തന്നെ ആവശ്യമായി വന്നിരിക്കുന്നു .പ്രകൃതി,, പരിസ്ഥിതി, റോഡുകൾ കൃഷി, മാലിന്യ സംസ്കരണം,വീടുനിർ മാണം,മൃഗസംരക്ഷണം ,ടൂറിസം ,ജല സംരക്ഷണം എന്നീ മേഖലകളിൽ വി ശദമായ പഠനം അനിവാര്യമാണ്.

കേരളത്തെ പുനഃസൃഷ്ടിക്കാൻ തുറന്ന ചർച്ചകളിലൂടെയും വ്യക്തമായ നയ സമീപന ങ്ങളിലൂടെയും കൃത്യവും ശാസ്ത്രീയവുമായ ഒരു മാസ്റ്റർ പ്ലാൻ ആണ് ആദ്യം വേണ്ടത്. ഡോക്ടർമാ രും എഞ്ചിനിയർമാരും അധ്യാ പകരും സാമൂഹികപ്രവർത്തകരും സന്നദ്ധ സം ഘടനകളും, രാഷ്ട്രീയ നേതൃത്വവും അ ട ങ്ങുന്ന ഒരു കർമസേനയാണ് ഈ മാ സ്റ്റർ പ്ലാൻ തയാറാക്കേണ്ടത്. ഈ മ ഹാപ്രളയം കേര ളം ഇന്നേവരെ തുടർന്നുവന്ന വികലമായ നയ ങ്ങളുടെ ഫലമായിട്ടുണ്ടെന്ന് കാണാം.ഭൂമിയിൽ വീഴുന്ന ജലത്തിന് മണ്ണിലേക്കിറങ്ങാ നോ കടലിലേക്കൊഴുകിപ്പോകാനോ ഉ ള്ള സ്വാതന്ത്ര്യം നമ്മു ടെ വികസനരീ തികൾ ഇല്ലാതാ ക്കി.നമ്മുടെ വികസന പ്രവർത്തനങ്ങൾ ജലനിർഗമന മാർഗ ങ്ങൾ ഇല്ലതാക്കി. പ്രളയജല ത്തിന്ന്കെട്ടി നിൽക്കുകയല്ലാതെ മറ്റൊ ന്നും ചെയ്യാനില്ലായിരുന്നു.ഊഷരമാക്ക പ്പെട്ട കുന്നിൻ നെറുകകളിൽ റിസോ ർ ട്ടുകളും തടയണകളും റോഡു കളും കെട്ടിപ്പൊക്കിയപ്പോൾ മലയിടിച്ചും ഉരു ൾ പൊട്ടിച്ചും പ്രതികരിക്കുക യല്ലാതെ പ്രകൃതിയ്ക്ക് വേറെ മാർഗമില്ലാതായി. വന ശോഷണവും കയ്യേറ്റങ്ങളും അനിയന്ത്രിതമായ പാറ പൊട്ടി ക്കലും വയൽനികത്തലും കേരളത്തിന്റ ഭൂപ്രകൃ തിയുടെ സ്വഭാവികതയെ കാര്യമായ് ബാധിച്ചിട്ടുണ്ട്.പശ്ചിമഘട്ടവും ഇടനാടും കടലോ രവും കിടക്കുന്ന കേരളത്തിന്റ ഭൂപ്രകൃതിയ്ക്കും വർധിച്ച ജനസാന്ദ്രതയ്ക്കും അനുസരിച്ചാവണം കേരളത്തിന്റ പുനർ നിർമാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

കാർഷികമേഖലയിൽ ഏക ദേശം 1361 കോടി രൂപയുടെ നാശ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ആല പ്പുഴ ജില്ലയില്ലാണ് ഏറ്റവും കൂടുത ൽ കൃഷിനാശം ഉണ്ടായത്. കേരളത്തിന്റ നിലനിൽപ്പിന് അത്യാ വശ്യമാണ്. പ്രളയബാധി ത പ്രദേശത്തുള്ളവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളണം. വിളകൾ നഷ്ടപ്പെട്ട കർഷകർക്ക് ധന സഹായംനൽകണം. പലിശരഹിത കാ ർഷിക വായ്പകൾ നൽകണം .കാർഷി ക വിളകളെല്ലാം ഇൻഷൂർ ചെയ്യണം. കർഷകർക്ക് സൗജന്യമായി വിത്തും വളവും കീടനാശി നികളും നൽകണം. പ്രളയത്തെ അതിജീവിക്കുന്ന തരത്തി ലുള്ള വിത്തുകൾ വികസിപ്പിക്കുകയും വിതരണംചെയ്യുകയുംവേണം. കോടിക്ക ണക്കിന് രൂപയുടെ മത്സ്യസമ്പത്താണ് പ്രളയത്തിൽ നശിച്ചത്.പ്രളയത്തിൽ

നശിച്ച കുളങ്ങളും വെ ള്ള ക്കെട്ടുകളും പുനർനിർമിക്കുന്നതിന് ആവശ്യ മായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പതിനായിരക്കണക്കിന് കിലോ മീറ്റർ റോഡുകളാണ് ഈ മഹാപ്രള യത്തിൽ നശിച്ചു പോയിട്ടുള്ളത്. പുതിയ സാങ്കേതിക വിദ്യ ഉപ യോഗിച്ച് റോഡുകൾ പുനർനിർമാണം നടത്ത ണം. കിട്ടാവുന്ന വിഭവങ്ങൾ ഉപയോഗിച്ച് ദേശീയ പാതകളും സംസ്ഥാന പാതകളും ജില്ലാ റോഡു കളും വികസിപ്പിക്കണം.സ്വകാര്യവാ ഹനങ്ങൾ നിയന്ത്രിക്കുകയും പൊതുവാ ഹനങ്ങൾ കൂടുതലായ് ഉപയോഗി ക്കുകയും ചെയ്യുമ്പോൾ റോഡിലെ തിര ക്ക് പരമാവധി കുറയ്ക്കാൻ കഴിയും. കാർഷികവ്യാവസായിക മേഖലകളുടെ വികസനത്തിന് ഗതാഗത യോഗ്യമായ റോഡു കൾ അനിവാര്യമാണ്.

കേരളത്തിലെ ഗൃഹ നിർമാണ വുമായി ബന്ധപ്പെ ട്ട്പൊതുജന ശീലം മാറേണ്ടതുണ്ട്. മണൽ ഖനനവും കല്ലുവെട്ട് പ്രവർത്തനങ്ങളും വേണ്ടി വരുന്ന നിർമാണ വസ്തുക്കൾക്കുള്ള വർധിച്ചുവരുന്ന ആവശ്യം ഓരോ അണുകുടും ബത്തിനു വേണ്ടിയും, സ്വതന്ത്രവും ഒറ്റയൊറ്റയായ് നിൽക്കു ന്നതുമായ വീടുകൾക്കുള്ള കേരളീയരുടെ മതിവരാത്ത ആഗ്രഹവും അപകട കരമായ അവസ്ഥ സൃഷ്ടിക്കുന്നുണ്ട്. മലമ്പ്രദേശങ്ങളായ ഇടുക്കിയിലും വയ നാട്ടിലും മരണങ്ങൾ സംഭവിച്ചിട്ടിള്ളത് ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലമാണ്. അതിനു സാധ്യ തയുള്ള സ്ഥലങ്ങളിൽ നാം വീടുകൾ വച്ചിരിക്കുന്നത് കൊ ണ്ടാണ് അത് സംഭവിച്ചിട്ടുള്ളത്. ശാസ്ത്രത്തിന്റ ഇപ്പോ ഴത്തെ വികസിത രൂപത്തിന്റ ഉരുൾ പൊട്ടൽ സാധ്യതയും മറ്റും മുൻകൂട്ടി കണ്ടെത്താൻ സാ ധിക്കും.അത്തരം സൗകര്യങ്ങൾ ഉപയോഗ പ്പെടുത്തി ,ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുള്ള ഇടങ്ങളിൽ നിന്നും മാറി താമ സിക്കുകയാണ് ഉചിതം. പ്രളയത്തിൽ പൂർണമായ് തകർന്ന 12,477 വീടുകളും കേടുപാടു ണ്ടായ 82,853 വീടുകളും പുനർനിർമിക്കേ ണ്ടതുണ്ട്.പ്രകൃതിദുരന്തങ്ങൾ അതിജീ വിക്കുന്ന വീടുകളാണ്നിർമിക്കേണ്ടത്. എല്ലാ വീടുകളിലും മഴ വെള്ള സംഭരണികളും സൗരോർജ്ജ പാനലു കളും ഉണ്ടാവണം.കേരളത്തിന്റെ ആവാസഘടനയിലും മാറ്റം അനി വാര്യമാണ്. ജനസാന്ദ്രത ഇത്രയധി കമുള്ള നമ്മുടെ കൊച്ചു കേരളത്തിൽ പാർപ്പിടസമുച്ചയ സമ്പ്രദായ ത്തിലേക്ക് മാറാൻ നാം തയ്യാറാവണം .നദിക ളോടും ജലാശയങ്ങ ളോടും ചേർന്ന ഭാഗങ്ങളിൽ നഗരവൽക്കര ണം ഒഴിവാക്കണം. വെള്ളപ്പൊക്കത്തിന്റ ഒരു പ്രധാന കാരണമായ് പലപ്പോഴും

# നിലാവ്

ഉയർത്തപ്പെടുന്ന ഒരു വാദം കേരളത്തിലെ ഭൂവിനിയോഗ ഘടനയെപ്പറ്റിയാണ്. മഴവെള്ളം വലിച്ചെടുക്കുകയും ഭൂമിക്കടിയിലെ ജല സ്രോതസ്സുകൾ നിലനിർത്താനും സഹായിക്കുന്ന നൈസർഗിക ജലാശയ ങ്ങൾ ക്രമേണ ശുഷ്കിച്ച് പോവുകയോ അപ്രത്യക്ഷമാവുകയോ ചെയ്യുകയാണ്. വ്യാപാകമായ കൈയ്യേറ്റം കാരണം നദികൾ ദിനം പ്രതി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. തുടർച്ചയായ മണൽ ഖനനം നദികളുടേയും അതിന്റെ ചുറ്റുപാടുകളുടേയും ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിവി ഭവങ്ങളുടെ വിനിയോഗത്തിന്റെ കാര്യത്തിലും വീണ്ടുവിചാരം ആവശ്യമാണ്. തീരദേശ സംരക്ഷണം, ഇടനാടിന്റെ സ്വാഭാവികത നിലനിർത്തൽ ,പശ്ചിമഘട്ട സംരക്ഷണം ഇവയെ ഒന്നായ് കണ്ടുകൊണ്ടുള്ള സമഗ്ര വികസന പദ്ധതിയാണ് തയാറാക്കേണ്ടത്.

മാലിന്യം പ്രളയാനന്തര കേരളത്തിനു മുന്നിൽ ഒരു വലിയ പ്രശ്നമായ് നിലനിൽക്കുക യാണ്. ഇലക്ട്രോണിക് മാലിന്യങ്ങൾ കത്തിച്ചു കളയാനോ കുഴിച്ചുമൂടാനോ കഴിയാത്ത റബ്ബറും ചകിരിയും നിറച്ച കിടക്കകൾ, സോഫകൾ, ചെളിയിൽ പുതഞ്ഞ വസ്ത്രങ്ങൾ എന്നിങ്ങനെ ഏക ദേശം 36,000 ടൺ മാലിന്യങ്ങൾ പ്രളയശേഷം ഉണ്ടായിട്ടുണ്ട്.നമ്മുടെ നദികളിലൊക്കെ വൻതോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞു കൂടിയിട്ടുണ്ട്. കുടുംബശ്രീ, സന്നദ്ധസംഘടനകൾ ,റസിഡൻസ് അസോസിയേഷനുകൾ, ക്ലീൻ കേരള കമ്പനികൾ തുടങ്ങിയവയുടെ സഹായത്തോടെ മാലിന്യങ്ങൾ ശേഖരിക്കാം. ഇങ്ങനെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ റോഡ് ടാറിങ്ങിന് ഉപയോഗിക്കാവുന്നതാണ്. പുഴകളുടേയും ജലസ്രോതസ്സുകളുംടേയും സംരക്ഷണത്തിനും കുടിവെള്ളം മുടക്കമില്ലാതെ ലഭിക്കുന്നതിനും ശാസ്ത്രീയമായ ജലമാനേജ്മെന്റ് ആവശ്യമാണ്. പ്രളയകാലത്ത് കരകവിഞ്ഞൊഴുകിയിരുന്ന നദികളും പുഴകളും ഇന്ന് വറ്റി വരളാൻ തുടങ്ങിയിരിക്കുന്നു. ചെറിയ മഴ പെയ്താൽ പോലും അതിലെ ജലത്തെ ഉൾക്കൊള്ളുവാൻ നദികൾക്കും അണക്കെട്ടുകൾക്കും കഴിയാതെ വന്നിരിക്കുന്നു. കിണറുകളിൽ നിന്നുപോലും ജലം വളരെ വേഗം കുറഞ്ഞു കൊണ്ടിരിക്കുന്നു. ജല മാനേജ്മെന്റ് പ്രവർത്തനത്തിലൂടെ ഇത് പരിഹരിക്കാൻ കഴിയും.

പ്രളയം മൂലം വിനോദ സഞ്ചാര മേഖലയിൽ ഏകദേശം 3000 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായെന്നാണ് വിലയിരുത്തൽ. കേരളത്തിന്റെ വിനോദസഞ്ചാര മേഖ ല മലയോരം, പുഴയോരം, കടലോരം ,കായലേരം എന്നിവയുമായ് ബന്ധപ്പെട്ടതാണ്. പ്ര

കൃതി സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് മാത്രമേ ഈ രംഗത്ത് പുനർനിർമാണം സാധ്യമാവുകയുള്ളൂ . തടസ്സമില്ലാത്ത ഗതാഗത സൗകര്യങ്ങൾ ഉറപ്പുവരുത്തണം. റെയിൽവേ പാതകൾ ഇരട്ടിപ്പിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായം എന്ന നിലയിൽ ടൂറിസത്തിന് വളരെയധികം പ്രാധാന്യമുണ്ട്. നമ്മുടെ തൊഴിൽ അവസരങ്ങളുടെ മൂന്നിൽ ഒന്ന് ടൂറിസത്തിൽ നിന്നാണ്.കൂടുതൽ തൊഴിൽ നൽകാൻ ഈ മേഖലയ്ക്ക് കഴിയും.മണ്ണും മനുഷ്യനും അഭേദ്യമായ വിധത്തിൽ കൂടിച്ചേർന്ന നാടാണ് കേരളം. ഇതാണ് വിനോദഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നത്. ഈ പ്രത്യേകത കണക്കിലെടുത്ത്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമുക്ക് വേണ്ടത്. ദശാബ്ദങ്ങളായി കേരളം ആർജ്ജിച്ച ചികിത്സാ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കടുത്ത ആഘാതമാണ് പ്രളയം ഏൽപ്പിച്ചത്. തകർന്നപോയ ആശുപത്രികൾ, കേടു വന്ന വിലപിടിപ്പുള്ള ഉപകരണങ്ങൾ , നശിച്ചു പോയ മരുന്നുകളും ആശു പത്രി സാമഗ്രികകളും എന്നിവയെല്ലാം കോടികളുടെ നഷ്ടമാണ് നമുക്കുണ്ടാക്കിയത് . സ്വകാര്യ ക്ലിനിക്കുകളിലും ചെറുകിട ആശുപത്രികളിലും സർക്കാർ മരുന്നുകൾ സൗജന്യമായ് നൽകുക, ഉപകരണങ്ങൾക്കും വൈദ്യുതി ജല നിരക്കുകൾക്കും സബ്സിഡി അനുവദിക്കുക, ആശുപത്രി നിർമാണത്തിന് പലിശരഹിത വായ്പ നൽകുക,എന്നിവ അഭികാമ്യമായ നടപടികളാണ്. ചെലവേറിയ രോഗനിർണയ സംവിധാനങ്ങൾ, ,സങ്കീർണമായ ശസ്ത്രക്രിയകൾ സ്വകാര്യ ആശു പത്രികളിൽ നിശ്ചിതനിരക്കിൽ ചെയ്തുകൊടുക്കുകയും പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ചെലവ്സർക്കാർ വഹിക്കുകയും ചെയ്യുക. ഈ രംഗത്തുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും അവലോകനം ചെയ്യുന്നതിനും പരിഹാര മാർഗങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനും സംസ്ഥാന തലത്തിൽ ഒരു അടിയന്തിര ആരോഗ്യ കർമ സമിതി രൂപീകരി ക്കുകയും സമയബന്ധിതമായ് നിർദേശങ്ങൾ സമർപ്പിക്കുകയും വേണം. പൊതുജനാരോഗ്യ രംഗത്തിന് വെല്ലുവിളിയായി പകർച്ച വ്യാധികൾ തലപൊക്കുമ്പോൾ സർക്കാറും സമൂഹവും ഒറ്റക്കെട്ടായ് ഒരു മനസ്സോടെ നേരിടേണ്ടതുണ്ട്. പ്രളയാനന്തര നവകേരളം സൃഷ്ടിക്കാനുള്ള തീവ്രമായ ശ്രമത്തിലാണ്നാമിന്ന്. അസാധാരണമായ സാമ്പത്തിക പ്രതിസന്ധിയാണ് പുതിയകേരളം കെട്ടിപ്പടുക്കുന്നതിന് പ്രധാന വെല്ലുവിളി. കാർഷിക,വ്യാവസായിക,ആരോഗ്യ,സേവന മേഖലകളിൽ ഏകദേശം 30,000 കോടി സമാഹരിച്ചാൽ മാത്രമേ ഈ

# നിലാവ്

പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയുകയുള്ളൂ. സഹായിക്കാൻ മനസ്സുള്ള പൊതുജനങ്ങളിൽ നിന്നും പരമാവധി സാമ്പത്തിക സഹായം കണ്ടെത്താൻ കഴിയണം. വിദേശ രാജ്യങ്ങളിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും വികസന പ്രവർത്തനത്തിനാ വശ്യമായ ഫണ്ട് സമാഹരിക്കണം. ലോക ബാങ്ക്, നബാഡ്പോലുള്ള ഏജ ൻസികളിൽ നിന്ന് സഹായം ലഭ്യമാക്കണം. നാടിനെ സമ്പൂർണമായ് മുക്കിക്കൊല്ലാൻ മാത്രം ശക്തമായ ഒരു മഹാദുരന്തത്തെ നാം അതിജീവിച്ചത് ലോകം അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്. ദുരന്തമുഖത്ത് നാം കാ ണിച്ച ഐക്യം ഏവരാലും പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. തകർന്നടിഞ്ഞ സ്വപ്നങ്ങളും ശേഷിപ്പുകളും അടുക്കിവച്ച് പുനർ നിർമാണത്തിന് വ്യാപൃതരാകേണ്ട നിർണായക ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ഈ പ്രളയദുരന്തം നഷ്ടക്കണക്കുകൾ പറഞ്ഞ് പരിതപിക്കാനുള്ളതല്ല. പുതിയ ഉയിർത്തെഴുന്നേൽപ്പിനുള്ളതാണ്.മുന്നിലുള്ള സാധ്യതകളിലേക്കാണ് നാം കണ്ണുപായിക്കേണ്ടത് .ഐക്യത്തോടെ അതിജീവിക്കുക എന്നതാണ് ഈ ഘട്ടത്തിലെ കടമ . ദുരന്തം കവർന്നെടുത്ത നമ്മുടെ നാടിനെ ആസൂത്രണമികവിലൂടെയും ക്രിയാത്മക സമീപനത്തിലൂടെയും പുനഃ സൃഷ്ടിക്കാനാവുമെന്ന് നമുക്ക് പ്രത്യശിക്കാം.



പാർവണ വി എച്ച്
9 N

# കരുതിയിരിക്കുക: നിങ്ങളുടെ ഭാഷ മരിക്കുകയാണ്

ലേഖനം

ആൻഡമാൻദ്വീപിലെ 'ബോയസീനിയർ' എന്ന ഗോത്രവർഗ സ്ത്രീ എൺപത്തി അഞ്ചാം വയസ്സിൽ മരണപ്പെട്ടു. സാധാരണ നിലയിൽ അവഗണിക്കപ്പെടാവുന്ന ഈ മരണ വാർത്ത പക്ഷേ, ലോക മാധ്യമങ്ങൾ വൻ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കാരണം എന്തെന്നല്ലേ, 65,000 വർഷം പഴക്കമുണ്ടായിരുന്ന ഒരു ഇന്ത്യൻ ഭാഷയുടെയും




സംസ്കാരത്തിന്റെയും അവസാന കണ്ണിയായിരുന്നു ബോയ. അവരുടെ മരണത്തോടെ 'അകബോയ' എന്ന ഭാഷയും സമ്പന്നമായൊരു സംസ്കാരവും ഭൂമുഖത്തു നിന്ന് തന്നെ അപ്രത്യക്ഷമായി.

റഷ്യയിലെ സമി ഗ്രാമത്തിലെ ഭാഷയായിരുന്ന'അകലസമി' ഭാഷയ്ക്കും ഇതേ ദുരന്തം സംഭവിച്ചതായി വാർത്ത വന്നു. സമാനമായ മറ്റൊരു വാർത്ത അമേരിക്കയിലെ' ഇഡാഹോ' പ്രവിശ്യയിൽ നിന്നാണ്. മൂന്നു പേർ മാത്രം സംസാരിക്കുന്ന ഒരു ഭാഷ അവിടെ മരണാസന്നയായിത്തീർന്നിരിക്കുന്നു. അവരുടെ മരണത്തോടെ ആ ഭാഷ യും ചരിത്രത്തിന്റെ ഭാഗമാവും.

വംശനാശ ഭീഷണി നേരിട്ടു കൊണ്ടിരിക്കുന്ന ഭാഷ യുടെ അവസ്ഥ ഇതിനെക്കാൾ ഭയപ്പെടുത്തുന്നതാണ്. ലോകഭാഷകളെ സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്ന 'സമ്മർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിംഗ്വിസ്റ്റിക്സ് (SIL) പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ പതിപ്പ് നൽകുന്ന കണക്കനുസരിച്ച് ലോകത്ത് ഇന്ന്

പ്രചാരത്തിലുള്ള 6909 ഭാഷകളിൽ പകുതിയും 2050 ആവു മ്പോഴേക്കും ഇല്ലാതാവുമത്രേ. 421 ഭാഷ കൾ ഇപ്പോൾ വംശനാശഭീഷണി നേരിട്ടു കൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ട് കഴിയുമ്പോഴേക്കും ലോക ഭാഷകളുടെ എണ്ണം ആയിരത്തിൽ താഴെയായി ത്തീരും. ഓരോ പതിനാലു ദിവസം കഴിയു മ്പോഴും ലോകത്തിന്റെ ഏ തെങ്കിലു മൊരു കോണിൽ ഒരു ഭാഷ പിൻമുറക്കാരില്ലാതെ നശിച്ചു കൊണ്ടി രിക്കുന്നു. അതായത്, ജീവികൾക്കു വംശനാശം നേരിട്ടു കൊണ്ടിരിക്കു ന്നതിനെക്കാൾ വേഗത്തിൽ ഭാ ഷകൾ മരിച്ചുകൊണ്ടിരിക്കുന്നു. ശേഷി ക്കുന്ന ഗോത്രഭാഷകളാകട്ടെ അതി ജീവനത്തിനു വേണ്ടിയുള്ള അവസാന ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

418 ഇന്ത്യൻ ഭാഷകളിൽ പതിനൊന്നെണ്ണം മരിച്ചു കഴിഞ്ഞതാ യാണ് കണക്ക്. 24 ഭാഷകളാണ് മൃത പ്രായമയവ. വിരലിലെണ്ണാവുന്ന ഭാഷ കൾ അതിലേറെ. സർക്കാർ ഔദ്യോഗി കമായി അംഗീകരിച്ചത് 22 ഭാഷകൾ മാത്രമാണ്. പുതുതലമുറയിൽ സ്വന്തം ഭാഷ സംസാരി ക്കുന്നതിൽ അഭിമാനം തോന്നുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരുന്നതായാണ് കണക്ക്. കേര ളത്തിലും സ്ഥിതി വ്യത്യസ്തമല്ല. ചെറു സംഘങ്ങൾ ഉപയോഗിക്കുന്ന ഗോത്ര വർഗ ഭാഷകൾ പലതും ഭീഷണിയി ലാണ്. എന്തു കൊണ്ടാണ് ഭാഷകൾ ഇങ്ങനെ ഇല്ലാതായി പോവുന്നത്. ഒരു ഭാഷ നശിച്ചാൽ എന്താണിത്ര നഷ്ട പ്പെടാനുള്ളത്? ഭാഷകൾ നിലനിർ ത്താനും നഷ്ടപ്പെട്ടവ വീണ്ടെടുക്കാ നും നമുക്കൊന്നുംചെയ്യാനില്ലേ?

മനുഷ്യസംസ്കാരത്തെ സ്നേഹി ക്കുന്നവർ ഉത്തരം കണ്ടെത്തേണ്ട ചോദ്യ ങ്ങളാണിവ. ഭാഷ എന്നത് ചില വാക്കുകളോ വാക്യങ്ങളോ അല്ല. ഓരോ ഭാഷയും അടയാളപ്പെടുത്തു ന്നത് ഓരോ സംസ്കാരത്തെയാണ്. അതായത് ഭാഷ എന്നാൽ സംസ്കാ രം തന്നെ. ഒരു ഭാഷ നഷ്ടപ്പെടുമ്പോൾ ഒരു സംസ്കാരമാണ് ലോകത്തിന് നഷ്ടപ്പെടുന്നത്. അങ്ങനെ ഒരു ഭാഷയുടെ നഷ്ടം ലോകത്തിന്റെ നഷ്ട മായി പരിണമിക്കുന്നു. യൂറോപ്പിനെ അപേക്ഷിച്ച് ഏഷ്യനാഫ്രിക്കൻ രാജ്യ ങ്ങളുടെ സാംസ്കാരിക വൈവിധ്യ ത്തിന്റെ രഹസ്യമറിയാൻ അവിടുത്തെ ഭാഷകളുടെ കണക്കെടുപ്പ് മാത്രം മതിയാവും. ചെറുതും വലുതുമായി നാലായിരത്തിലധികം ഭാഷകളാണ് ഈ രണ്ട് ഭൂഖണ്ഡങ്ങളിൽ സംസാരിക്കപ്പെടുന്നത്. യൂറോപ്യൻ ഭാഷകളുടെ എണ്ണമാവട്ടെ ഇരുന്നൂറിൽ താഴെ മാത്രം. ഏഷ്യനാഫ്രിക്കൻ ഭാഷകളിൽ ബഹുഭൂരിപക്ഷവും ആയിര

ത്തിൽ താഴെ ആളുകൾ മാത്രം സംസാരിക്കുന്നവയാണ്. ഈ ഭാഷക ളാണ് കടുത്ത വംശനാശ ഭീഷ ണി നേരിടുന്നത്. ഇവയിലേറെയും അനതി വിദൂര ഭാവിയിൽ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കപ്പെടും. ഈ സംസ്കാ രങ്ങളെല്ലാം നഷ്ടപ്പെട്ടതിനു ശേഷമുള്ള ആർദ്രത വറ്റിയ ലോകത്തെപ്പറ്റി ഒന്നാ ലോചിച്ചു നോക്കു.

ആഗോളവത്കരണകാലത്ത് ലോകം കൊച്ചു ഗ്രാമമായി മാറിക്കൊ ണ്ടിരി ക്കുമ്പോൾ അവിടെ ചില ഭാഷകളും സംസ്കാരങ്ങളും മാത്രം മതി എന്ന തീരുമാനം ആസൂത്രിതമായി നടപ്പാക്കി ക്കൊണ്ടിരിക്കുന്നതിന്റെ അനന്തര ഫലമായാണ് ഭാഷകൾ ഇങ്ങനെ നഷ്ടപ്പെട്ടു കൊണ്ടിരി ക്കുന്നത്. ഒരു ജനതയുടെ സംസ്കാ രവുമായി അവരുടെ ഭാഷയ്ക്ക് അഭേ ദ്യമായ ബന്ധം ഉണ്ടെന്നതിനാൽ സംസ്കാരത്തെ തകർക്കാനുള്ള ഏറ്റ വും നല്ല മാർഗ്ഗം അവരുടെ ഭാഷയെ തകർക്കുക എന്നതാണ്. ചരിത്രത്തിൽ പരീക്ഷിച്ചു വിജയം നേടിയ ആ തന്ത്രത്തിന്റെ തുടർച്ചയാണ് ബോധ പൂർവ്വമായി ഇപ്പോഴും നടത്തി ക്കൊണ്ടിരിക്കുന്നത്. തങ്ങൾക്കെതിരെ യുള്ള ഈ ആസൂത്രി ത ശ്രമം തിരിച്ചറിയാൻ കഴിയാതെ പോവുന്നു എന്നതാണ് അതതു ജനവിഭാഗ ങ്ങളുടെ ദയനീയമായ പരാജയം. സ്വന്തം ഭാഷയിൽ അഭിമാനം കൊള്ളാനും അവ നിലനിന്ന് കാണ ണമെന്ന് ആഗ്രഹിക്കാനും സാധി ക്കാത്ത ജനതയാണ് ഓരോ ഭാഷ യുടെയും നാശത്തിന്റെ യഥാർത്ഥ ഉത്ത രവാദി.

അത്യാധുനിക സാങ്കേതിക വിദ്യയുടെ ലോകത്ത് പ്രാദേശിക ഭാഷക ൾക്ക് എവിടെയാണ് സ്ഥാനം എന്ന താണ് പുതു തലമുറയുടെ ചോദ്യം. ആഗോള ഗ്രാമ സൈദ്ധാന്തികരുടെ നിരീക്ഷണപ്രകാരം ലോക ജനസംഖ്യ യുടെ 80 ശതമാനവും ഉപയോഗിക്കു ന്നത് നൂറിൽ താഴെ ഭാഷകൾ മാത്രമാ ണ്. ലോകം മുഴുവൻ പടർന്നു പന്തലി ച്ച ഇൻററർനെറ്റ് വഴി ആരെയും ബന്ധ പ്പെടാൻ രണ്ടോ മൂന്നോ ഭാഷ കൾ തന്നെ ധാരാളം. പിന്നെന്തിന് പ്രാദേ ശിക ഭാഷകൾ സംരക്ഷിക്കപ്പെടണം എന്നാണവരുടെ ചോദ്യ ത്തിന്റെ പൊരുൾ. സാമ്പത്തിക ലാഭത്തിനും ദു രഹങ്കാരത്തിനുമായി സ്വന്തം ഭാഷയെ അവഗണിക്കു ന്നതാണ് ഭാഷകൾ മരി ച്ചു പോകാനുണ്ടാവുന്ന പ്രധാന കാര ണം. മാതൃഭാഷയെ അവഗണിക്കു ന്നവർ അറിയാതെ പോകുന്ന ഒരു സത്യമുണ്ട്. ആശയങ്ങൾ രൂപപ്പെടു ത്താനും ആശയങ്ങൾ സമർത്ഥമായി

# നിലാവ്

ആവിഷ്കരിക്കാനും മാതൃഭാഷയ്ക്കേ കഴിയൂ. ബോംബുകളെക്കാൾ ശക്തമായ വാക്കുകൾ ഉപ യോഗിച്ച് ലോകത്തെ അതിജയിച്ച മഹാരഥന്മാരെല്ലാം അസാമാന്യമായ ആശയ വിനിമയ ശേഷി പ്രകടിപ്പിച്ചവരായിരുന്നു.

ഓർക്കുക------ മാറിയ ലോകക്രമത്തിൽ ലോകത്തെ നയിക്കുന്നത് വ്യക്തികളോ പ്രസ്ഥാനങ്ങളോ അല്ല, ആശയങ്ങളാണ്. ആശയങ്ങൾക്ക് അത്രമേൽ പ്രാധാന്യമുള്ള ലോകത്ത് പുതിയ ആശയങ്ങൾ സൃഷ്ടിക്കാനും അവ വിനിമയം ചെയ്യാനും സ്വന്തം ഭാഷയില്ലാതെ കഴിയില്ല. രാജ്യത്തിന്റെയും സമൂഹത്തിന്റെയും വ്യക്തിത്വം പടുത്തുയർത്തുന്നതിൽ ഭാഷയുടെ പങ്ക് വളരെ വലുതാണ്. നിങ്ങളുടെ മാതൃഭാഷയാണ് നിങ്ങളുടെ വ്യക്തിത്വം. അത് പണയപ്പെടുത്താതിരിക്കുക. ആ വ്യക്തിത്വം നിലനിർത്താൻ ജാഗ്രതയോടെയിരിക്കുക. നിങ്ങളുടെ ഭാഷയെ നശിപ്പിക്കാൻ ആരെയും അനുവദിക്കാതിരിക്കുക.




**സൈനുദ്ദീൻ.പി**

എച്ച്.എസ്സ്.എ.മലയാളം




# ദൂരം



അനിത യു.കെ

കവിത

ഓടിയടുക്കാൻ ശ്രമിക്കുന്നത്
നിന്നിലേക്കാണ്
നീ ഓടിയൊളിക്കാൻ ശ്രമിക്കുന്നതോ ?
കാത്തിരുന്ന വഴികളെല്ലാം
കനലു വന്ന് എരിച്ച കഥ
നീയറിഞ്ഞില്ല !

അറിഞ്ഞതെല്ലാം പൊഴിഞ്ഞ ഇലകളായതും
ഇലകളൊന്നും ഒരു തരി വളമാകാതിരുന്നതും
കരിയിലകളുടെ നിസ്സഹായത പോലും
നിന്റെ കണ്ണുകളിലകപ്പെടാതിരുന്നതും
ഒരു ഞെട്ടലോടെ ഞാനെന്നുമറിഞ്ഞുകൊണ്ടിരുന്നു
തൊടലും തലോടലും നീയും ഞാനും
ഉത്തരങ്ങളായി
ചോദ്യങ്ങളെ കാത്തുകിടന്നു

വാക്കുകൾക്ക് ആകാശം സൃഷ്ടിക്കാനാവുമെന്ന്
ഉദ്ധരണികളുദ്ധരിച്ച് ഞാനാവർത്തിച്ചത്
എന്നും നിനക്ക് അലോസരങ്ങളായി
അല്ല പാഴ് വാക്കുകളായി
സാന്ത്വനമാകാനാശിച്ച് ഒരുങ്ങിയിറങ്ങിയ വാക്കുകൾക്ക്
പുകയുന്ന തീക്കൊള്ളികളായി അന്ത്യം
ഈ മരവിപ്പിനിടയിലും ഞാൻ അളക്കാൻ ശ്രമിച്ചത്
വ്യർത്ഥമെങ്കിലും
നിന്നിലേക്കുള്ള ദൂരം മാത്രം

# കാർബൺ ന്യൂട്രൽ സ്കൂൾ പദ്ധതി

**ലേഖനം**

നമ്മളിന്ന് അതിജീവനത്തിന്റെ പാതയിലാണ്. നാടിനെ നടുക്കിയ മഹാപ്രളയത്തിന് ശേഷം ഇനി എന്ത് എന്ന് വേവലാതിപ്പെടുന്നവരെ നമുക്കെവിടെയും കാണാം. കൊടുംചൂടും കൊടും തണുപ്പും കാലം തെറ്റിപെയ്യുന്ന മഴയും മഹാപ്രളയവും നമ്മുടെ കണ്ണു തുറപ്പിക്കുന്നു.കാലാവസ്ഥാ വ്യതിയാനവും കാർബൺ സംതുലനവും എല്ലാം ഇന്നു വരെ ഏതാനും ചില പരിസ്ഥിതി വാദികളുടെ വാക്കുകളായിരുന്നുവെങ്കിൽ ഇന്ന് സ്ഥിതിമാറി. കാലാവസ്ഥാ വ്യതിയാനം സംഭവിച്ച് കൊണ്ടിരിക്കുന്നു എന്ന് ഏവർക്കും ബോധ്യപ്പെട്ടു തുടങ്ങി.

ഈ അവസരത്തിൽ കേരളാ എനർജി മാനേജ്മെന്റും സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റും ആവിഷ്ക്കരിക്കുന്ന കാർബൺ ന്യൂട്രൽ സ്കൂൾ പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദീകരിക്കാൻ ശ്രമിക്കുകയാണ്.


ഇന്ന്ചർച്ചചെയ്യപ്പെടുന്ന വിഷയമണല്ലോ കാലാവസ്ഥാ വ്യതിയാനം. മനുഷ്യരുടെ വിവിധ പ്രവൃത്തികളുടെ ഫലമായി അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിന്റെ അളവ് വർധിക്കുന്നത് മൂലമുണ്ടാകുന്ന ഭൗമതാപ വർദ്ധനയാണ് ഇന്ന് നാം കാണുന്ന കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാനമായും കാരണമാകുന്നത്. ദിവസേന യെന്നോണം നമ്മുടെ ഓരോ പ്രവ്രുത്തിയുടേയും ഫലമായി കൂടുതൽ കൂടുതൽ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറംതള്ളപ്പെട്ട് കൊണ്ടിരിക്കുന്നത്. അന്തരീക്ഷ താപനില വർധിക്കുന്നത് നമ്മെ പല രീതിയിലും ബാധിക്കുമെന്നത് പഠനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്.അവയിൽ ചിലതാണ് കടൽനിരപ്പുയരുക, മഴയുടെ അളവ് കുറയുക, ശക്തമായ മഴയും കഠിനമായ വരൾച്ചയും ഉണ്ടാവുക, സമുദ്രജലത്തിന്റെ അമ്ലത കൂടുക തുടങ്ങിയവ. ഇത് നമ്മുടെ ആരോഗ്യം ,കൃഷി, ഭക്ഷ്യലഭ്യത എന്നിവയെയെല്ലാം തന്നെ പ്രതികൂലമായി ബാധിക്കുന്നു. കാലാവസ്ഥയിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും പ്രകൃതിയിൽ വലിയ പ്രതിഫലനങ്ങൾ ഉണ്ടാക്കിയേക്കാം. കേരളത്തിൽ പോലും ഇന്ന് ഇത് ദൃശ്യമാണ്.. നമ്മുടെ പരമ്പരാഗത

കാർഷിക കലണ്ടർ അപ്പാടെ മാറിയിരിക്കുന്നു.

മനുഷ്യനിർമ്മിതമായ ഹരിത ഗൃഹവാതകങ്ങൾ മൂലമുള്ള മലിനീകരണത്തോത് നേരിയ നിലയിൽ കുറഞ്ഞു വരുന്നതായി പഠനങ്ങൾ കാണിക്കുന്നു . ഇത് സന്തോഷകരം തന്നെ. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജ കാറ്റിൽ നിന്നുമുള്ള ഊർജ്ജം മുതലായവ പല രാജ്യങ്ങളും വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രശ്നമാണെങ്കിലും പ്രാദേശികമായി നാം ചെയ്യുന്ന പല കാര്യങ്ങളും മൂലമുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം ആഗോളതലത്തിൽ തന്നെ അനുഭവിക്കേണ്ടി വരും.

കാലാവസ്ഥാ വ്യതിയാനം ചെറുക്കാൻ മുതിർന്നവരെ പോലെ തന്നെ കുട്ടികളും ഇറങ്ങിത്തിരിക്കേണ്ട സമയമായിരിക്കുന്നു. പുതിയ പുതിയ കാര്യങ്ങൾ പഠിക്കാനും പ്രാവർത്തികമാക്കാനും കുട്ടികൾക്കുള്ള സാമർത്ഥ്യം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. കുട്ടികൾക്ക് രക്ഷിതാക്കളെയും മുതിർന്നവരെയും സ്വാധീനിക്കാനുള്ള കഴിവ് ഉപയോഗപ്പെടുത്തണം. സ്കൂളിൽ നിന്നും കിട്ടുന്ന പാഠങ്ങളും അവബോധവും ഒന്നിച്ച് ഉപയോഗപ്പെടുത്തി പുതിയ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കാനും നമുക്ക് കഴിയണം. ഇന്നത്തെ പ്രകൃതി ചൂഷണത്തെ കുറിച്ച് കുട്ടികൾ ബോധവാന്മാരാകേണ്ടതും അവരെ അതിനെതിരെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്.

ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പരിസ്ഥിതി അവബോധ കർമ്മപരി പാടികൾക്ക് സ്കൂൾ ക്യാമ്പസിൽ തന്നെ തുടക്കം കുറിക്കുന്നതിനും സമൂഹ ത്തിന് ഈ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുവാനും കാർബൺ ന്യൂട്രൽ സ്കൂൾ പദ്ധതിക്ക് കഴിയും.
സ്കൂളിൻറെ കാർബൺ പാദമുദ്ര രേഖപ്പെടുത്തണം. സ്കൂളിലെ ഓരോ വ്യക്തിയും തങ്ങൾ മൂലം കാമ്പസിലെ കാർബൺ പാദമുദ്ര കുറക്കാൻ കഴിയുമോ എന്ന ചിന്ത. സുസ്ഥിര വിഭവ ഉപയോഗം വഴി ഭൂപ്ര ദേശ ത്തിന്റെ സന്തുലനാവസ്ഥ നിലനിർ ത്താനും അതിനായി കാർബൺ പുറം തള്ളൽ കുറയ്ക്കാൻ കഴിയുക.




നിത്യജീവിതത്തിൽ നാം ചെയ്യുന്ന ഓരോ പ്രവർത്തിയും നേരിട്ടും പരോക്ഷമായും കാലാവസ്ഥാ വ്യതിയാ നത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ബോധ്യപ്പെടുത്തുക, കുറഞ്ഞ ജല ഉപഭോഗം, ഖരദ്രവ മാലിന്യങ്ങളുടെ ശരിയായ നിർമ്മാർജ്ജനം, ഹരിതാ ഭമായ അന്തരീക്ഷം, ഹരിതചട്ടം പാലിച്ചു കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, തുടങ്ങി നിരവധി കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. നമ്മൾ പുറത്തെറിയുന്ന ഓരോ കടലാസു കഷണങ്ങളും ഒരു തരത്തിൽ അല്ലെങ്കി ൽ മറ്റൊരു തരത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നുണ്ട്. ക്ലാസ് മുറികളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുകയും, ജല ഉപഭോഗം കുറയ്ക്കുകയും, ഖരമാലിന്യ പരിപാലനവും, ക്യാമ്പസി ന്റെ ഹരിതാഭയും ഒക്കെതന്നെ ഇനി യൊരു പ്രളയത്തെ തടുത്തു നിർത്താ ൻ നമ്മെ ചെറുതായെങ്കിലും സഹാ യിക്കുമെന്ന് ഓർമ്മപ്പെടുത്തട്ടെ.




പ്രേമചന്ദ്രൻ കെ വി


**എച്ച്. എസ്സ്. എ. ഫിസിക്കൽ സയൻസ്**




# Art Corner

HARIGOVIND G S,8 M





LAYANA S KANDATHIL, 10 A

HARIGOVIND G S,8 M




# നിലാവ്

ARYA P, 9 L






ADITHYA K P, 9 N




SREYA P.K, 9 M



# Photo Galeery of Events 2018-19

## TEACHEER'S EMPOWERMENT PROGRAMME

@ SARGALAYA- IRINGAL

POWER



POWER

POWER

## STEP



# നിലാവ്
















# നിലാവ്


വിദ്യാരംഗം ഫെസ്റ്റ്


STORE


PAYYOLI
M.KUTTIKRISHNAN MASTER SMARAKA BLOCK

## ഒരു നാൾ ഒരു കോടി



## ഓർമ്മകൾക്കൊപ്പം



# നന്ദി

ഈ 'നിലാവിനെ' സ്നേഹിച്ചവർക്ക്,

സഹകരിച്ചവർക്ക്,

രചനകൾ തന്ന് നിലാവിന്റെ ഭാഗമായ

പ്രിയപ്പെട്ട അധ്യാപകർക്ക്,

സന്ദേശം നൽകി ആശീർവദിച്ച

ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർക്കും

സ്റ്റാഫ് സെക്രട്ടറിക്കും

സർവോപരി,

ഈ നിലാവിന്റെ വായനക്കാരായ

എല്ലാവർക്കും വാക്കുകൾക്കപ്പുറത്തെ

ഹൃദയംഗമമായ നന്ദി.

## Editorial Board



Athif Ahammad P P

Ashif Ahammad P P

Shibin Rasheed

Jishad P V

Anjana S

Minna Fathima A K

Hari Govind G S